LIBRARY ARCHIVES Kerala Legislative Assembly

ഹയർസെക്കണ്ടറി പ്രിൻസിപ്പാൾമാരുടെ ജോലിഭാരം

45(2899) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി പ്രിൻസിപ്പാൾമാരുടെ ജോലിഭാരം കുറയ്ക്കാനും അവരെ ഭരണ ചുമതലയിൽ മാത്രം നിലനിർത്തി നോൺ-ടീച്ചിംഗാക്കി മാറ്റാനുമുള്ള എന്തെങ്കിലും നടപടികളുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ ഹയർസെക്കണ്ടറി സ്കൂളുകളിൽ (എയ്ഡഡ്) അഞ്ചു വർഷം പൂർത്തീകരിച്ച ജൂനിയർ അദ്ധ്യാപകർക്ക് സീനിയർ പദവി നല്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ആവശ്യം പരിഗണിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഹയർസെക്കണ്ടറി പ്രിൻസിപ്പാൾമാരുടെ ജോലിഭാരം കുറയ്ക്കുന്നതിന്റെ ഭാഗമായി 17-8-2015-ലെ സ.ഉ.(കൈ.)നമ്പർ 220/15/പൊ.വി.വ. നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ ഹയർസെക്കണ്ടറി സ്കൂളുകളിൽ LDC, PTM/FTM, ലൈബ്രേറിയൻ ഗ്രേഡ് 4 എന്നീ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം പഠിച്ച് തുടർ നടപടികൾ സ്വീകരിക്കാൻ പൊതുവിദ്യാഭ്യാസ അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു കമ്മിറ്റി രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. പ്രിൻസിപ്പാൾമാരെ നോൺ ടീച്ചിംഗ് ആക്കി മാറ്റുന്ന വിഷയം തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

ഹയർസെക്കണ്ടറി കോമേഴ്സ് അധ്യാപകരുടെ ഒഴിവുകൾ

46(2900) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി കോമേഴ്സ് അദ്ധ്യാപകരുടെ ജൂനിയർ/സീനിയർ വിഭാഗങ്ങളിൽ എത്ര സ്ഥിരം ഒഴിവുകൾ 30-11-2015 വരെ നിലവിലുണ്ട്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകളിൽ എത്ര എണ്ണം P.S.C.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) ഇനി റിപ്പോർട്ട് ചെയ്യാനുള്ള ഒഴിവുകൾ എത്രയാണ്;

(ഡി) നിലവിലുള്ള എല്ലാ ഒഴിവുകളും P.S.C.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത തസ്തികകളിലേക്കുള്ള P.S.C റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോയെന്ന് അറിയുമോ; എങ്കിൽ അതിൽ നിന്ന് എത്ര പേർക്ക് നിയമനം നൽകിയെന്നറിയാമോ;